# തളിപ്പറമ്പ് നഗരസഭ

പുളിമ്പറമ്പ വ്യവസായ എസ്റ്റിമേറ്റിൽ വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ 4 മുറികൾക്ക് ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള കരട് പൊതുവ്യവസ്ഥയും നിബന്ധനകളും

**************

1. കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്ക്, തളിപ്പറമ്പ് വില്ലേജിൽ കുപ്പം ദേശത്ത് റി.സ.നമ്പർ വസ്തുവിന്റെ ചെറുകിട വനിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തളിപ്പറമ്പ് നഗരസഭ പുതുതായി പണിതുയർത്തിയ 4 കെട്ടിടങ്ങൾ/മുറികൾ ഇന്നുള്ള അവസ്ഥയിൽ ടെണ്ടർ/ലേലം ചെയ്തു നൽകുന്നതാണ്.
2. വനിത വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം വെച്ച് പണി തീർത്തതാണെന്നതിനാൽ 3 വർഷം വരെയുള്ള ആദ്യ ലൈസൻസ് കാലത്ത് കെട്ടിടം/മുറികൾക്ക് ഓരോന്നിനും പ്രതിമാസം ലൈസൻസ് ഫീസായി നിശ്ചയിക്കുന്ന നിരക്കിനു പുറമെ 10 മാസത്തെ ലൈസൻസ് ഫീസ് ഡെപ്പോസിറ്റായും നഗരസഭയിൽ നിക്ഷേപിക്കേണ്ടതാണ്. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായി കെട്ടിടമുറി നീക്കി വെക്കുകയാണെങ്കിൽ ആയതിന് 5 മാസത്തെ ഡെപ്പോസിറ്റ് അടച്ചാൽ മതിയാകുന്നതാണ്. ഡെപ്പോസിറ്റ് പലിശ നൽകുന്നതല്ല . ആദ്യ ലൈസൻസ്കാലാവധി കഴിഞ്ഞാൽ പ്രതിമാസ ലൈസൻസ് ഫീസിലും ഡെപ്പോസിറ്റിലും വർദ്ധനവ് വരുത്തുവാൻ കൗൺസിലിന് അധികാരമുണ്ട്.
3. വ്യവസായസംരംഭം എന്ന നിലയിൽ കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 80/ രൂപയാണ് ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.
4. പ്രസ്തുത വ്യവസായ കേന്ദ്രത്തിലെ 56 $m^2$ വിസ്തീർണ്ണമുള്ള 12 നമ്പർമുറി പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതാണ്.

5. ഇൻഡസ്ട്രിയൽ എസ്റ്റിമേറ്റിലെ എല്ലാ കെട്ടിടങ്ങൾക്കും ഹരിത ചട്ടം ബാധകമാണ്.നിരോധിക്കപ്പെട്ടിട്ടുള്ളതായ പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ പാടുള്ളതല്ല.
6. പതിമാസ ലൈസൻസ് ഫീ വാടകയോടൊപ്പം നിശ്ചിത നിരക്കിൽ GST, Floodcess എന്നിവ ഒടുക്കുന്നതിന് ലൈസ്ൻസി ബാധ്യസ്തനാണ്.
7. പണികഴിപ്പിച്ച ഓരോകെട്ടിടത്തിലേയും പ്രത്യേകം പ്രത്യേകമായി വൈദ്യുതി കണക്ഷൻ ആവശ്യമെങ്കിൽ വാട്ടർ കണക്ഷൻ എന്നിവ ലൈസൻസിയുടെ ഉത്തരവവാദിത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്, ടി വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവയുടെ ചിലവ് ലൈസൻസി വഹിക്കേണ്ടതാണ്.

പുളിമ്പറമ്പ് വ്യവസായ എസ്റ്റിമേറ്റിലെ മുറികളുടെ ലേലനിരക്ക്

| മുറികൾ | വിസ്തീർണ്ണം | കുറഞ്ഞ പ്രതിമാസ ലൈസൻസ് ഫീ | റിമാർക്ക്സ് |
|---|---|---|---|
| 12 | 56.00 $m^2$ | ച.മീറ്ററിന് 80/- | പട്ടികജാതി വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു |
| 13 | 56.00 $m^2$ | " | വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു |
| 14 | 56.00 $m^2$ | " | വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു |
| 15 | 56.00 $m^2$ | " | വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു |

വിശ്വസ്തതയോടെ,

സെക്രട്ടറി
തളിപ്പറമ്പ് നഗരസഭ